**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം: 1615 — 21.01.2014 ലെ മറുപടിയ്ക്ക്

**മൈനോറിറ്റി സെക്ടർ ഡെവലപ്മെന്റ് പ്രോഗ്രാം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>,, അൻവർ സാദത്ത്<br>,, വി.റ്റി.ബൽറാം<br>,, വി.ഡി. സതീശൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി) |

എ) എം.എസ്.ഡി.പി -യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

എ) സാമൂഹികം, സാമ്പത്തികം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ സൂചകങ്ങളിൽ ദേശീയ ശരാശരിയെക്കാൾ പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയുമാണ് എം.എസ്.ഡി.പി.യുടെ ലക്ഷ്യം.

ബി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കേന്ദ്രസഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

ബി) എം.എസ്.ഡി.പി. പദ്ധതി കേന്ദ്ര- സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പാക്കുന്നത്. പതിനൊന്നാം പഞ്ചവൽസര പദ്ധതി കാലയളവിൽ വയനാട് ജില്ലയിൽ 1869.805 ലക്ഷം രൂപ കേന്ദ്ര വിഹിതമായി അനുവദിക്കപ്പെട്ടിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിയിൽ വയനാട് ജില്ലയിൽ അനുവദിക്കപ്പെട്ടിട്ടുള്ള 2430.01 ലക്ഷം രൂപയുടെ പദ്ധതികൾക്കായി ആകെ 1815.02 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കും. ഇതിൽ ഒന്നാം ഗഡുവായി 907.52 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലേയ്ക്കായി 249.98 ലക്ഷം രൂപയുടെ പദ്ധതിക്കായി 187.5 ലക്ഷം രൂപ കേന്ദ്ര വിഹിതമായി ലഭിക്കും. ഇതിൽ ഒന്നാം ഗഡുവായി 93.75 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്.

സി) ഈ പദ്ധതി എവിടെയൊക്കെയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

സി) വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ, പനമരം എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമായാണ് എം.എസ്.ഡി.പി. പദ്ധതി നടപ്പിലാക്കുന്നത്.

ഡി) എം.എസ്.ഡി.പി നടപ്പാക്കുന്നതിൽ എന്തെല്ലാം പുരോഗതിയാണ് സംസ്ഥാനം കൈവരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഡി) പതിനൊന്നാം പഞ്ചവൽസര പദ്ധതിയിൽ വയനാട് ജില്ലയ്ക്ക് അനുവദിച്ച 2563.475 ലക്ഷം രൂപയിൽ 1971.7918 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ ഡയറക്ടറേറ്റിൽ ഐ.ടി. എനേബിൾഡ് സെൽ സ്ഥാപിക്കുന്നതിന് ലഭിച്ച 5,18,000 /-രൂപയിൽ 3,82,967/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | കിട്ടിയ തുക ( രൂപ- ലക്ഷം) | ചെലവഴിച്ച തുക (രൂപ- ലക്ഷം) | റിമാർക്സ് |
|---|---|---|---|
| പത്ത് ആരോഗ്യ ഉപകേന്ദ്രങ്ങളുടെ നിർമ്മാണം | 180 | 180 | പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| 23 സർക്കാർ സ്കൂളുകളിലായി 38 അധിക ക്ലാസ് മുറികളുടെ നിർമ്മാണം | 423.29 | 423.29 | പൂർത്തീകരിച്ചു. |
| മുള്ളൻകൊല്ലി ഗ്രാമ പഞ്ചായത്തിലെ പാടിച്ചിറ വില്ലേജിലേയ്ക്കുള്ള കടിവെള്ളപദ്ധതി വിപുലീകരണം | 700 | 700 | പൂർത്തീകരിച്ചു. |
| പൂതാടി ഗ്രാമ പഞ്ചായത്തിലെ നടവയൽ വില്ലേജിലേയ്ക്കുള്ള കടിവെള്ള വിതരണ പദ്ധതി | 250 | 250 | പൂർത്തീകരിച്ചു. |
| പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്തിലെ പടിഞ്ഞാറത്തറ, കപ്പാടിത്തറ വില്ലേജുകളിലേയ്ക്കുള്ള കടിവെള്ള വിതരണ പദ്ധതി | 430 | 376.25 | ജനവരി മാസം അവസാനത്തോടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| മേപ്പാടി ഗവ. പോളിടെക്നിക് കോളേജിലെ ലാബോറട്ടറികളുടെ നവീകരണം | 75 | 37.93 | ഒരു ലാബ് നിർമ്മാണം പൂർത്തിയാക്കി. രണ്ടാമത്തെ ലാബിന്റെ പ്രവർത്തി പുരോഗമിക്കുന്നു. |
| ജില്ലാ ആസ്ഥാനത്തെ IT Enabled Cell | 5.19 | 4.32 | ഐ.ടി. സെൽ കളക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നു. |
| സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രിയുടെ 2,3,4 നിലകളുടെ നിർമ്മാണം | 500 | ഇല്ല | പി.ഡബ്ല്യു.ഡി മുഖേന ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |
| ആകെ | 2563.48 | 1971.79 | |
| ഡയറക്ടറേറ്റിൽ ഐ.ടി.എനേബിൾഡ് സെൽ | 5.18 | 3.83 | പൂർത്തീകരിച്ചു |
| ആകെ | 2568.66 | 1975.62 | |

സെക്ഷൻ ഓഫീസർ